# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 657 — 13.06.2012-ലെ മറുപടിക്ക്

## പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. റ്റി. യു. കുരുവിള :<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. സി. എഫ്. തോമസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ പ്രഖ്യാപിച്ച പുതിയ മെഡിക്കൽ കോളേജുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ ഇടുക്കി, മലപ്പുറം ജില്ലയിലെ മഞ്ചേരി, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പുതിയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസർ നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br>1) റവന്യൂ വകുപ്പിന്റെ കീഴിലുള്ള കാസർഗോഡ് ബദിയടുക്കയിൽ സ്ഥിതിചെയ്യുന്ന 60 ഏക്കർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതാണ്.<br>2) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി പ്ലാന്റേഷൻ കോർപ്പറേഷൻ 50 കോടി രൂപ സംഭാവന ചെയ്യുന്നതാണ്.<br>3) കോന്നിയിൽ സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് **HLL** നെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>4) മലപ്പുറത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി മഞ്ചേരി ജില്ലാ ആശുപത്രിയ്ക്ക് സമീപമുള്ള 6 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതാണ്. |

5) ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ ആശുപത്രിയും അത് സ്ഥിതി ചെയ്യുന്ന 40 ഏക്കർ ഭൂമിയും അനുബന്ധ കെട്ടിടങ്ങളും കൈമാറ്റം ചെയ്യുന്നതാണ്.

6) ഒന്നാംവർഷ പദ്ധതി നടത്തിപ്പിനാവശ്യമായ തസ്തികകളുടെ രൂപീകരണത്തിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിക്കുന്നതാണ്.

7) ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിലെ മെഡിക്കൽ കോളേജുകൾക്കായി 300 കിടക്കകളുള്ള പുതിയ ആശുപത്രികൾ സ്ഥാപിക്കുന്നതാണ്.

8) നിർദ്ദിഷ്ട മെഡിക്കൽ കോളേജുകളുടെ ഭരണ നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കായിരിക്കും. പുതിയ മെഡിക്കൽ കോളേജുകളുടെ പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അതാത് പ്രദേശത്തെ എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് , ജില്ലാ മെഡിക്കൽ ഓഫീസർ, പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളായും അതാത് കോളേജിലെ പ്രിൻസിപ്പാൾ/ സ്പെഷ്യൽ ഓഫീസർ കൺവീനറായും ഉള്ള ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് (PPP)സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. കായംകുളം എൻ.റ്റി.പി.സി.യുടെ നിയന്ത്രണത്തിലുള്ള 25 ഏക്കർ ഭൂമി സൗജന്യമായി വിട്ടുനൽകുന്നതിലേക്കായി NTPC യെ സമീപിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അൻപതുകൊല്ലം മുൻകൂട്ടി കണ്ടുകൊണ്ട് ആധുനികവും സൗകര്യപ്രദവുമായ നിലയിൽ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ , എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ :

(ബി) ഇതുസംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(സി) സ്പെഷ്യൽ ഓഫീസറുടെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കേ ഇക്കാര്യങ്ങളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**